**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1079** **06-02-2023 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിലെ അംബേദ്കർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലെ പ്രധാന കനാലിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; | (എ) | അംബേദ്കർ ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ നിലവിലുള്ള ലീഡിംഗ് ചാനൽ സ്ഥിതി ചെയ്യുന്നത് സ്വകാര്യ വ്യക്തിയുടെ അധീനതയിലുള്ള സ്ഥലത്താണെന്ന് ഒരു തർക്കം ഉന്നയിച്ചിട്ടുണ്ട്. ആയതിനാൽ നിർമ്മാണ സാമഗ്രികൾ പ്രവൃത്തി സ്ഥലത്തേക്ക് കൊണ്ടുപോകുന്നതിനും ടിയാൻ തടസ്സവാദം ഉന്നയിച്ചിട്ടുണ്ട്. വിവിധ തലങ്ങളിൽ ചർച്ച നടന്നെങ്കിലും ഇതുവരെയും ഫലവത്തായിട്ടില്ല. പാടശേഖരത്തിലൂടെ പ്രവൃത്തി നടപ്പിലാക്കുന്നതിനു വേണ്ട സാമഗ്രികൾ എത്തിക്കണമെങ്കിൽ ഏകദേശം 400 മീറ്റർ ഹെഡ് ലീഡ് ആവശ്യമാണ്. ആയതിനാൽ ലീഡിംഗ് ചാനലിന്റെ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിട്ടില്ല. ടി തർക്കം എത്രയും വേഗം പരിഹരിച്ച് പ്രവൃത്തി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചു വരുന്നു. ലീഡിംഗ് ചാനലിന്റെ നിർമ്മാണ പ്രവൃത്തിയല്ലാതെ ടി പദ്ധതിയിൽ വേറെ പ്രവൃത്തിയൊന്നും നിലവിലില്ല. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ കാരമൂട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിലെ പമ്പ് ഹൗസ് നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | ടി പ്രവൃത്തിയിൽ ഉൾപ്പെട്ട പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി പമ്പിംഗ് ആരംഭിക്കുന്നതിനു മുൻപ് പൂർത്തീകരിച്ചിട്ടുണ്ട്. പമ്പ് ഹൗസിന്റെ നവീകരണ പ്രവൃത്തികൾ ഉടൻതന്നെ ആരംഭിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ